# Information Technology - Sample Questions

## Std 8 : Malayalam Medium

**വിഭാഗം 1 : ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുക.**

1 ഇമേജ് എഡിറ്റിങ് സോഫ്റ്റ്‌വെയറായ ജിമ്പിൽ കാൻവാസിന്റെ വലുപ്പം കണക്കാക്കുന്നതിന് ഉപയോഗിക്കുന്ന യൂണിറ്റുകളിൽ ഉൾപ്പെടാത്തതേത്?

ഉത്തര സൂചിക

A. millimeters
B. bytes
C. pixels
D. points

ശരിയായ ഉത്തരം

B. bytes

2 കമ്പ്യൂട്ടറിൽ സേവ് ചെയ്തിരിക്കുന്ന ചിത്രങ്ങളുടെ കുറച്ചു ഭാഗങ്ങളെ ചേർത്ത് അക്ഷരയ്ക്ക് ഒരു പുതിയ ചിത്രം നിർമ്മിക്കണം. ചുവടെ നൽകിയവയിൽ അതിനനുയോജ്യമായ സോഫ്റ്റ്‌വെയർ ഏതാണ് ?

ഉത്തര സൂചിക

A. ലിബർ ഓഫീസ് കാൽക്
B. ജിമ്പ്
C. ജിയോജിബ്ര
D. ഒഡാസിറ്റി

ശരിയായ ഉത്തരം

B. ജിമ്പ്

3 ജിമ്പിൽ, വർഷ തയാറാക്കിയ ലോഗോ, മുൻപ് നിർമിച്ച പോസ്റ്ററിൽ ഉൾപ്പെടുത്താനായി ശ്രമിച്ചപ്പോൾ ലോഗോയിൽ ദൃശ്യമാകുന്ന മുഴുവൻ ലെയറുകളും പോസ്റ്ററിൽ ദൃശ്യമായില്ല. ഇത് പരിഹരിക്കുന്നതിന് ചുവടെ നൽകിയ ഏത് പ്രവർത്തനമാണ് ചെയ്യേണ്ടത്?

ഉത്തര സൂചിക

A. Copy Visible സങ്കേതം ഉപയോഗിക്കണം
B. Select by Color ടൂൾ ഉപയോഗിക്കണം
C. Blur ടൂൾ ഉപയോഗിച്ചാൽ മതി.
D. Blend ടൂൾ ഉപയോഗിച്ചാൽ മതി.

ശരിയായ ഉത്തരം

A. Copy Visible സങ്കേതം ഉപയോഗിക്കണം

4 ജിമ്പ് കാൻവാസിലേക്ക് ചിത്രങ്ങൾ പേസ്റ്റ് ചെയ്യുമ്പോൾ രൂപപ്പെടുന്ന താല്ക്കാലിക ലെയറുകൾ താഴെപ്പറയുന്നവയിൽ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

ഉത്തര സൂചിക

A. ഫ്ലോട്ടിങ് ലെയറുകൾ.

B. ഡ്യൂപ്ലിക്കേറ്റ് ലെയറുകൾ.

C. സ്കെയിൽ ലെയറുകൾ.

D. ഓട്ടോ ലെയറുകൾ.

ശരിയായ ഉത്തരം

A. ഫ്ലോട്ടിങ് ലെയറുകൾ.

5 ജിമ്പ് സോഫ്റ്റ്‌വെയറിൽ, ഫ്ലോട്ടിങ് ലെയറിലുള്ള ചിത്രം ഒരു ലെയറിലേക്ക് ചേർക്കുന്നതിന് ചുവടെ നൽകിയതിൽ ഏത് പ്രവർത്തനമാണ് ചെയ്യേണ്ടത്?

ഉത്തര സൂചിക

A. മൂവ് ടൂളിൽ ക്ലിക്ക് ചെയ്യുക.

B. സ്കെയിൽ ടൂളിൽ ക്ലിക്ക് ചെയ്യുക.

C. ആങ്കർ ടൂളിൽ ക്ലിക്ക് ചെയ്യുക.

D. പാത്ത് ടൂളിൽ ക്ലിക്ക് ചെയ്യുക.

ശരിയായ ഉത്തരം

C. ആങ്കർ ടൂളിൽ ക്ലിക്ക് ചെയ്യുക.

6 അനുവിന്റെ നേതൃത്വത്തിൽ വരൾച്ചയുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് ചെയ്തു. തയാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ടൈപ്പ് ചെയ്ത് പ്രിന്റെടുക്കുന്നതിന് നൽകിയിരിക്കുന്നതിൽ ഏത് സ്റ്റ്വെയറാണ് അനുയോജ്യം?

ഉത്തര സൂചിക

A. ജിമ്പ്

B. ലിബർഓഫീസ് റൈറ്റർ

C. സ്ക്രാച്ച്

D. ജിയോജിബ്ര

ശരിയായ ഉത്തരം

B. ലിബർഓഫീസ് റൈറ്റർ

7 വനജ എഴുതിയ ഒരു കവിത ലിബർഓഫീസ് റൈറ്ററിൽ ടൈപ്പ് ചെയ്ത് തയാറാക്കി. ഇതിൽ വരികൾക്കിടയിലുള്ള അകലം ക്രമീകരിക്കണം. തന്നിരിക്കുന്നവയിൽ ഏതു സങ്കേതമാണ് ഇതിനായി ഉപയോഗിക്കാൻ കഴിയുക ?

ഉത്തര സൂചിക

A. Bullets and Numbering
B. Character Formatting
C. Page Formatting
D. Paragraph Formatting

ശരിയായ ഉത്തരം

D. Paragraph Formatting

8 ലിബർഓഫീസ് റൈറ്ററിൽ വിനോദ് തയാറാക്കിയ ഒരു കത്തിന്റെ തലക്കെട്ട് കട്ടികൂട്ടി (Bold) അടിവരയിടണം. തന്നിരിക്കുന്നതിൽ ഏതു സങ്കേതമാണ് ഇതിനായി ഉപയോഗിക്കാൻ കഴിയുക ?

ഉത്തര സൂചിക

A. Bullets and Numbering
B. Character Formatting
C. Page Formatting
D. Paragraph Formatting

ശരിയായ ഉത്തരം

B. Character Formatting

9 ലിബർഓഫീസ് റൈറ്ററിൽ തയാറാക്കിയ ഒരു ഫയലിൽ പേജിന് ബോർഡർ നൽകിയിട്ടുണ്ട്. ബോർഡറിൽ നിന്ന് എത്ര അകലം വിട്ടാണ് വാക്കുകൾ വരേണ്ടത് എന്ന് ക്രമീകരിക്കുന്നതിന് പേജ് സ്റ്റൈൽ ജാലകത്തിലെ ഏതു സങ്കേതമാണ് അനുയോജ്യം?

ഉത്തര സൂചിക

A. Spacing to Contents
B. Line Arrangements
C. Indents & Spacing
D. Line Spacing

ശരിയായ ഉത്തരം

A. Spacing to Contents

10 ലിബർഓഫീസ് റൈറ്ററിൽ സജ്നയും കൂട്ടുകാരും ചേർന്ന് സ്കൂളിന്റെ ചരിത്രം ടൈപ്പ് ചെയ്ത് തയാറാക്കി. ഇനി ഈ ഫയലിലെ എല്ലാ പേജിലും മുകൾഭാഗത്തായി സ്കൂളിന്റെ പേര് ഉൾപ്പെടുത്തണം. ഇതിന് അനുയോജ്യമായ സങ്കേതം തന്നിട്ടുള്ളവയിൽ ഏതാണ് ?

ഉത്തര സൂചിക

A. Borders
B. Columns
C. Header
D. Footer

ശരിയായ ഉത്തരം

C. Header

11 ചുവടെ നൽകിയിരിക്കുന്നവയിൽ ഇ-മെയിൽ എന്നതിന്റെ പൂർണരൂപം എന്ത്?

ഉത്തര സൂചിക

A ഇന്റർനെറ്റ് മെയിൽ
B ഇലക്ട്രോണിക് മെയിൽ
C ഇലക്ട്രിക്കൽ മെയിൽ
D എമർജൻസി മെയിൽ

ശരിയായ ഉത്തരം

B ഇലക്ട്രോണിക് മെയിൽ

12 ശ്രീലക്ഷ്മിക്ക്, ഡൽഹിയിലുള്ള സുഹൃത്തായ അമിത്തിന് പഠനയാത്രയെക്കുറിച്ചുള്ള വിശേഷങ്ങൾ ഇമെയിൽ വഴി അറിയിക്കണം. അതിന്,

ഉത്തര സൂചിക

A അമിത്തിന്റെ ഇ-മെയിൽ വിലാസം അറിയണം.
B അമിത്തിന്റെ ഇ-മെയിൽ ഉപഭോക്തൃനാമവും പാസ്‌വേഡും അറിയണം.
C സ്ഥലത്തെ പിൻകോഡും ടെലഫോൺ നമ്പറുംഅറിയണം.
D ഇ-മെയിൽ സേവനദാതാവിന്റെ സർവർ സ്ഥിതിചെയ്യുന്ന സ്ഥലം അറിയണം.

ശരിയായ ഉത്തരം

A അമിത്തിന്റെ ഇ-മെയിൽ വിലാസം അറിയണം.

13 നൽകിയിരിക്കുന്നവയിൽ ഇ-മെയിൽ സേവനവുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന ഏതാണ്?

ഉത്തര സൂചിക

A . ഇ-മെയിൽ വഴി ചിത്രം, ചലചിത്രം, ശബ്ദഫയലുകൾ എന്നിവ കൈമാറാം.
B . ജി മെയിലിൽ അയക്കുന്ന മെയിലുകൾ തുറന്നു വായിക്കണമെങ്കിൽ സ്വീകർത്താവിന് ജിമെയിൽ അക്കൗണ്ട് കൂടിയേ തീരൂ.
C . സ്ഥലത്തെ പോസ്റ്റൽ ഇൻഡക്സ് നമ്പർ അറിയേണ്ടതില്ല.
D . ഒന്നിൽക്കൂടുതൽ ആളുകൾക്ക് ഒരു ഇ-മെയിൽ ഒരേസമയം അയക്കാം.

ശരിയായ ഉത്തരം

B ജി മെയിലിൽ അയക്കുന്ന മെയിലുകൾ തുറന്നു വായിക്കണമെങ്കിൽ സ്വീകർത്താവിന് ജിമെയിൽ അക്കൗണ്ട് കൂടിയേ തീരൂ.

14 സ്കൂൾ ഐ.ടി ക്ലബ്ബിന്റെ ആദ്യ യോഗത്തിൽ സ്കൂളിനെക്കുറിച്ചുള്ള വിവരങ്ങൾ ഇന്റർനെറ്റിൽ ഉൾപ്പെടുത്താൻ അനുവിനെയും ആമിനയേയും ചുമതലപ്പെടുത്തി. താഴെ നൽകിയിരിക്കുന്നവയിൽ ഏതു വെബ്സൈറ്റായിരിക്കും ഇക്കാര്യത്തിന് അവർക്ക് പ്രയോജനപ്പെടുത്താവുന്നത്?

ഉത്തര സൂചിക

A http://ml.wikisource.org
B http://ml.wiktionary.org
C http://ml.wikiquote.org
D http://schoolwiki.in

ശരിയായ ഉത്തരം

D http://schoolwiki.in

15 ചതുരത്തിന്റെ പരപ്പളവ് കാണാനുള്ള ഒരു പൈത്തൺ പ്രോഗ്രാം, രാജു തയ്യാറാക്കി. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതായിരിക്കും ആ ഫയൽ ?

ഉത്തര സൂചിക

A area.py

B area.jpg

C area.pdf

D area.ods

ശരിയായ ഉത്തരം

A area.py

16 പൈത്തൺ പ്രോഗ്രാമിൽ 1 മുതൽ 49 വരെയുള്ള എണ്ണൽ സംഖ്യകളെ ഉൾപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന റേഞ്ച് നിർദേശം ഏത്?

ഉത്തര സൂചിക

A range(49)
B range(50)
C range(1,49)
D range(1,50)

ശരിയായ ഉത്തരം

D range(1,50)

17 പൈത്തൺ ഷെൽ ജാലകത്തിൽ list(range(5,10)) എന്ന നിർദേശം നൽകിയാൽ ലഭിക്കുന്ന ഔട്ട്പുട്ട് എന്തായിരിക്കും?

ഉത്തര സൂചിക

A [5, 10]
B [5, 7, 9]
C [5, 6, 7, 8, 9]
D [5, 6, 7, 8, 9, 10]

ശരിയായ ഉത്തരം

C [5, 6, 7, 8, 9]

18 IDLE എന്നത്

ഉത്തര സൂചിക

A ഒരു പ്രോഗ്രാമിങ് ഭാഷയാണ്.

B ഒരു ഓപ്പറേറ്റിങ് സിസ്റ്റം ആണ്.

C ഒരു IDE സോഫ്റ്റ്‌വെയറാണ്

D ഒരു ബൈനറി ഭാഷയാണ്.

ശരിയായ ഉത്തരം

C ഒരു IDE സോഫ്റ്റ്‌വെയറാണ്

19
```
x=eval(input("Enter a number : "))
y=2*x-5
print(y)
```

പൈത്തൺ പ്രോഗ്രാമിംഗ് ഭാഷയിൽ തയ്യാറാക്കിയ ഒരു പ്രോഗ്രാം ആണ് മുകളിൽ നൽകിയിരിക്കുന്നത്. ഈ പ്രോഗ്രാം പ്രവർത്തിപ്പിക്കുമ്പോൾ നൽകുന്ന ഇൻപുട്ട് 10 ആണെങ്കിൽ ലഭിക്കുന്ന ഔട്ട്പുട്ട് എന്തായിരിക്കും?

ഉത്തര സൂചിക

A 10
B 15
C 20
D 25

ശരിയായ ഉത്തരം

B 15

20 ചുവടെ നൽകിയിരിക്കുന്നവയിൽ വൻകരാവിസ്ഥാപനം സിമുലേഷനുകളിലൂടെ ആവിഷ്കരിക്കുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയറാണ്

ഉത്തര സൂചിക

- A Stellarium
- B RasMol
- C GPlates
- D Gimp

ശരിയായ ഉത്തരം

C Gplates

21 ജിയോജിബ്ര സോഫ്റ്റ്‌വെയറിൽ 1, 2, 3, 4 എന്നീ വിലകൾ സ്വീകരിക്കാവുന്ന a എന്ന സ്ലൈഡർ അമ്മു നിർമിച്ചു. a ആരമാക്കി വൃത്തം നിർമിച്ച് സ്ലൈഡറിന് ആനിമേഷൻ നൽകിയപ്പോൾ നാലു വൃത്തങ്ങൾ ഓരോന്നായി ദൃശ്യമായി. ഇവയെല്ലാം ദൃശ്യമാകാൻ ഏത് സങ്കേതമാണ് ഉപയോഗിക്കേണ്ടത്?

ഉത്തര സൂചിക

- A Move around Point
- B Circle through 3 Points
- C Dilate from Point
- D Trace On

ശരിയായ ഉത്തരം

D Trace On

22 ജീപ്ലേറ്റ്സ് സോഫ്റ്റ്‌വെയറിൽ ഭൗമപ്രത്യേകതകളുടെ വിശദാംശങ്ങൾ അറിയുവാനുള്ള ഒരു പ്രധാന ടൂളാണിത്. ഏതാണീ ടൂൾ ?



ഉത്തര സൂചിക

- A Digitisation
- B Move Vertex
- C Measure
- D Feature Inspection

ശരിയായ ഉത്തരം

D Feature Inspection

23 ജീപ്ലേറ്റ്സ് സോഫ്റ്റ്‌വെയറിൽ നിരീക്ഷിക്കുന്ന സിമുലേഷനുകളെ ചിത്ര രൂപത്തിലേക്ക് മാറ്റാൻ ഉപയേഗിക്കുന്ന സങ്കേതം.

ഉത്തര സൂചിക

A Import
B Export
C Open Project
D Open Feature Collection

ശരിയായ ഉത്തരം B Export

24 ചുവടെ നൽകിയിരിക്കുന്നവയിൽ ജീപ്ലേറ്റ്സ് പ്രോജക്ട് ഫയൽ ഏതാണ് ?

ഉത്തര സൂചിക

A volcanoes. gpml

B volcanoes. gproj

C volcanoes. svg

D volcanoes. png

ശരിയായ ഉത്തരം

B volcanoes. gproj

**വിഭാഗം 2 : ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുക.**

1 ജിമ്പ് സോഫ്റ്റ്‌വെയറിൽ നിലവിലുള്ള ഒരു ലെയറിന് പുതിയൊരു പേര് നൽകാനുള്ള ശരിയായ പ്രവർത്തനക്രമം ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A. Layers Palette തുറന്ന് പേര് നൽകേണ്ട ലെയറിൽ റൈറ്റ് ക്ലിക്ക് ചെയ്യുക.
B. Layers Palette തുറന്ന് പേര് നൽകേണ്ട ലെയറിൽ ക്ലിക്ക് ചെയ്യുക.
C. ലെയർ മെനുവിൽനിന്നും ന്യൂ ലെയർ സെലക്ട്ചെയ്യുക.
D. Edit Layer Attribute തിരഞ്ഞെടുത്ത് തുറന്നു വരുന്ന ജാലകത്തിൽ പുതിയ പേര് നൽകുക.
E. New Layer group തിരഞ്ഞെടുത്ത് പുതിയ പേര് നൽകുക.

ശരിയായ ഉത്തരംs

A. Layers Palette തുറന്ന് പേര് നൽകേണ്ട ലെയറിൽ റൈറ്റ് ക്ലിക്ക് ചെയ്യുക.
D. Edit Layer Attribute തിരഞ്ഞെടുത്ത് തുറന്നു വരുന്ന ജാലകത്തിൽ പുതിയ പേര് നൽകുക.

2 ജിമ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയാറാക്കിയ പോസ്റ്ററിൽ ഉൾപെടുത്തിയ ചിത്രത്തിലെ ഒരു ഭാഗം അവ്യക്തമാക്കുന്നതിന് ചുവടെ നൽകിയതിൽ യോജിച്ച പ്രവർത്തനക്രമം തിരഞ്ഞെടുക്കുക?

ഉത്തര സൂചിക

A. ചിത്രം ഉൾപ്പെട്ട ലെയർ തിരഞ്ഞെടുത്ത് അവ്യക്തമാക്കേണ്ട ഭാഗം സെലക്ട് ചെയ്യുക.
B. ചിത്രം ഉൾപ്പെട്ട ലെയർ തിരഞ്ഞെടുത്ത് അവ്യക്തമാക്കേണ്ട ഭാഗം ഒഴിച്ചുള്ളവ സെലക്ട് ചെയ്യുക.
C. ചിത്രം ഉൾപ്പെട്ട ലെയർ തിരഞ്ഞെടുത്ത് Duplicate എടുക്കുക
D. Filters മെനുവിലെ Blur സബ് മെനുവിലുള്ള Blur ൽ ക്ലിക്ക് ചെയ്യുക
E. Tools മെനുവിലെ Filters സബ് മെനുവിലുള്ള Blur ൽ ക്ലിക്ക് ചെയ്യുക

ശരിയായ ഉത്തരം

A. ചിത്രം ഉൾപ്പെട്ട ലെയർ തിരഞ്ഞെടുത്ത് അവ്യക്തമാക്കേണ്ട ഭാഗം സെലക്ട് ചെയ്യുക.
D. Filters മെനുവിലെ Blur സബ് മെനുവിലെ Blur ൽ ക്ലക്ക് ചെയ്യുക.

3 ഏതൊരു ഇമേജ് എഡിറ്റിങ് സോഫ്റ്റ്‌വെയറിന്റെയും അവിഭാജ്യ ഘടകമാണ് ലെയറുകൾ. ജിമ്പ് സോഫ്റ്റ്‌വെയറിൽ പുതിയ ഒരു ലെയർ എങ്ങനെയൊക്കെ നിർമിക്കാം ?

ഉത്തര സൂചിക

A. ലെയർ പാലറ്റിലെ  ഐക്കണിൽ ക്ലിക്ക്ചെയ്യുക.

B. ലെയർ മെനുവിലെ ക്രിയേറ്റ് ലെയർ എന്നതിൽ ക്ലിക്ക് ചെയ്യുക.

C. ലെയർപാലറ്റിലെ  ഐക്കണിൽ ക്ലിക്ക്ചെയ്യുക.

D. ലെയർ മെനുവിൽനിന്നും ന്യൂ ലെയർ സെലക്ട്ചെയ്യുക.

E. ലെയർ പാലറ്റിലെ  ഐക്കണിൽ ക്ലിക്ക്ചെയ്യുക.

ശരിയായ ഉത്തരം

A. ലെയർ പാലറ്റിലെ  ഐക്കണിൽ ക്ലിക്ക്ചെയ്യുക.

D. ലെയർ മെനുവിൽനിന്നും ന്യൂ ലെയർ സെലക്ട്ചെയ്യുക.

4 ലിബർഓഫീസ് റൈറ്ററിൽ വിപിൻ ആഗോളതാപനത്തെക്കുറിച്ചുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയിട്ടുണ്ട്. ഇതിന്റെ എല്ലാപേജിലും ഏറ്റവും മുകളിൽ 'ആഗോളതാപനം' എന്നും ഏറ്റവും താഴെ പേജ് നമ്പറും ഉൾപ്പെടുത്തണം. തന്നിരിക്കുന്നതിൽ ഏതെല്ലാം സങ്കേതങ്ങളാണ് ഇതിന് ഉപയോഗിക്കാൻ കഴിയുക ?

ഉത്തര സൂചിക

A. Borders
B. Columns
C. Header
D. Area
E. Footer

ശരിയായ ഉത്തരം

C. Header
E. Footer

5 ജസീറയും ലിനീഷയും സ്വന്തമായി ഇ-മെയിൽ നിർമ്മിക്കാനുള്ള ശ്രമത്തിലാണ്. താഴെ തന്നിരിക്കുന്നവയിൽ നിന്നും ഇതിന് പ്രയോജനപ്പെടുത്താവുന്ന രണ്ട് ഇ-മെയിൽ സേവനദാതാക്കളെ തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A. സ്കൂൾ വിക്കി
B . ഗൂഗിൾ

C. ഫയർഫോക്സ്

D. യാഹു

E. യൂട്യൂബ്

ശരിയായ ഉത്തരം

B ഗൂഗിൾ

D യാഹു

6 സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് നടന്ന സെമിനാറിൽ അവതരിപ്പിക്കപ്പെട്ട ചില സാങ്കേതിക പദങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. അവയിൽ സൈബർ കുറ്റകൃത്യങ്ങളുടെ പരിധിയിൽ വരുന്നവ തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A സെർച്ചിങ്

B സൈബർ സ്ക്വാട്ടിങ്

C ട്വീറ്റിങ്

D സർഫിങ്

E ഫിഷിങ്

ശരിയായ ഉത്തരം

B സൈബർ സ്ക്വാട്ടിങ്

E ഫിഷിംഗ്

7 വിക്കിസംരംഭങ്ങളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ നൽകിയിരിക്കുന്നു. അവയിൽ ശരിയായവ തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A ഇവയിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നത് തിരഞ്ഞെടുക്കപ്പെട്ട ആളുകളാണ്.

B സ്വന്തമായി ഉപഭോക്തൃനാമം ഉള്ളവർക്കു മാത്രമേ വിക്കിസംരംഭങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ.

C വിക്കിസംരംഭങ്ങളിലെ ഉള്ളടക്കം സൗജന്യമാണ്.

D ഇവയിൽ നിന്നുമുള്ള ചിത്രങ്ങൾക്ക് യാതൊരു തരത്തിലുള്ള കടപ്പാടും രേഖപ്പെടുത്തേണ്ടതില്ല.

E വിക്കിസംരംഭങ്ങളിൽ ആർക്കും തിരുത്തലുകൾ വരുത്താം.

ശരിയായ ഉത്തരം

C വിക്കിസംരംഭങ്ങളിലെ ഉള്ളടക്കം സൗജന്യമാണ്.

E വിക്കിസംരംഭങ്ങളിൽ ആർക്കും തിരുത്തലുകൾ വരുത്താം.

8 ഒരു പൈത്തൺ പ്രോഗ്രാമിൽ 5, 10, 15, 20, 25, 30 എന്നീ സംഖ്യകളെ ഉൾപ്പെടുത്തുന്നതിന് ഉപയോഗിക്കാവുന്ന നിർദേശങ്ങൾ ഏവ ?

ഉത്തര സൂചിക

A range(5,29,5)

B range(5,30,5)

C range(4,30,5)

D range(5,31,5)

E range(5,35,5)

ശരിയായ ഉത്തരം D range(5,31,5)

E range(5,35,5)

9 പൈത്തൺ ഷെല്ലിൽ 45 എന്ന ഔട്ട്പുട്ട് ലഭിക്കണമെങ്കിൽ , താഴെ കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെ നിർദേശങ്ങൾ ഉപയോഗിക്കാം.

ഉത്തര സൂചിക

A print("4"+"5")

B print("40"+"5")

C print(40+5)

D print("40"+"05")

E print(4*5)

ശരിയായ ഉത്തരം

A print("4"+"5")

C print(40+5)

10 പൈത്തൺ പ്രോഗ്രാമിൽ, 200 ന ചുവടെയുള്ള 5 ന്റെ ഗുണിതങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കാവുന്ന റേഞ്ച് നിർദേശങ്ങൾ ഏതെല്ലാമാണ്?

ഉത്തര സൂചിക

A range(1,201,5)

B range(2,200,5)

C range(5,200,5)

D range(2,201,5)

E range(5,199,5)

ശരിയായ ഉത്തരം

C range(5,200,5)

E range(5,199,5)

11 ചുവടെ നൽകിയിട്ടുള്ളവയിൽ സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയറിൽ ക്രാന്തിവൃത്തം ദൃശ്യമാക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏതെല്ലാം ?

ഉത്തര സൂചിക

A സ്റ്റാറ്റസ് ബാറിലെ Constellation lines എന്ന ടൂളിൽ ക്ലിക്ക് ചെയ്യുക

B ടൂൾ ബാറിലെ Sky and viewing options window ക്ലിക്ക് ചെയ്യുക

C Markings ടാബിലെ Celestial Sphere ലിസ്റ്റിലെ Ecliptic (of date) ക്ലിക്ക് ചെയ്ത് ജാലകം ക്ലോസ് ചെയ്യുക.

D സ്റ്റാറ്റസ് ബാറിലെ Constellation art ക്ലിക്ക് ചെയ്യുക.

E ടൂൾ ബാറിലെ Search window യിൽ ക്ലിക്ക് ചെയ്യുക

ശരിയായ ഉത്തരം

B ടൂൾ ബാറിലെ Sky and viewing options window ക്ലിക്ക് ചെയ്യുക

C Markings ടാബിലെ Celestial Sphere ലിസ്റ്റിലെ Ecliptic (of date) ക്ലിക്ക് ചെയ്ത് ജാലകം ക്ലോസ് ചെയ്യുക.

12 സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയറിൽ ചിങ്ങം (Leo) എന്ന നക്ഷത്രഗണത്തെ നിരീക്ഷിക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചുവടെകൊടുത്തിട്ടുള്ളവയിൽ ഏതൊക്കെയാണ്?

ഉത്തര സൂചിക

A ടൂൾ ബാറിലെ Sky and viewing options window ക്ലിക്ക് ചെയ്യുക

B തുടർന്നു വരുന്ന Markings ടാബിലെ Celestial Sphere ലിസ്റ്റിലെ Ecliptic (of date) ക്ലിക്ക് ചെയ്ത് ജാലകം ക്ലോസ് ചെയ്യുക

C ടൂൾ ബാറിലെ Search window ഉപയോഗിച്ച് Leo എന്ന നക്ഷത്രഗണത്തെ തിരയുക

D ടൂൾ ബാറിലെ Configuration window യിലെ Main ടാബിലെ Sky Culture Language മാറ്റുക

E സ്റ്റാറ്റസ് ബാറിലെ Constellation art ടൂൾ ക്ലിക്ക് ചെയ്യുക.

ശരിയായ ഉത്തരം

C ടൂൾ ബാറിലെ Search window ഉപയോഗിച്ച് Leo എന്ന നക്ഷത്രഗണത്തെ തിരയുക.

E സ്റ്റാറ്റസ് ബാറിലെ Constellation art ടൂൾ ക്ലിക്ക് ചെയ്യുക.

13 ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ജീപ്ലേറ്റ്സ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ചെയ്യാവുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം ?

ഉത്തര സൂചിക

A ഫയൽ മെനുവിൽ നിന്നും എക്സ്പോർട്ട് ക്ലിക്ക് ചെയ്ത് സിമുലേഷനുകളെ ചിത്രരൂപത്തിലേക്ക് മാറ്റാം .

B വൻകരാവിസ്ഥാപനത്താൽ ഓരോ കാലഘട്ടത്തിലും ഭൗമപാളികൾക്കുണ്ടാകുന്ന സ്ഥാനമാറ്റം നിരീക്ഷിക്കാം .

C Measure ടൂൾ ഉപയോഗിച്ച് ഭൗമസവിശേഷതകൾ മനസിലാക്കാം .

D ജീപ്ലേറ്റ്സ് സോഫ്റ്റ് വെയറുപയോഗിച്ച് ഭൂകമ്പം കൃത്യമായി പ്രവചിക്കാം .

E റാസ്റ്റർ ചിത്രങ്ങളെ ഭൂവിവരവ്യവസ്ഥയിൽ ഉൾപ്പെടുത്തിയുള്ള ദൃശ്യവൽക്കരണവും വിശകലനവും സാധ്യമാണ് .

ശരിയായ ഉത്തരം

B വൻകരാവിസ്ഥാപനത്താൽ ഓരോ കാലഘട്ടത്തിലും ഭൗമപാളികൾക്കുണ്ടാകുന്ന സ്ഥാനമാറ്റം നിരീക്ഷിക്കാം .

E റാസ്റ്റർ ചിത്രങ്ങളെ ഭൂവിവരവ്യവസ്ഥയിൽ ഉൾപ്പെടുത്തിയുള്ള ദൃശ്യവൽക്കരണവും വിശകലനവും സാധ്യമാണ് .

14 ലിബർഓഫീസ് റൈറ്ററിൽ തയാറാക്കിയ ഒരു ഡോക്യുമെന്റിൽ ചിത്രം ഉൾപ്പെടുത്തുന്നതിനുള്ള രണ്ടു രീതികൾ നൽകിയിരിക്കുന്നവയിൽ നിന്നും കണ്ടെത്തുക.

ഉത്തര സൂചിക

A. Text Box ടൂൾ ക്ലിക്ക് ചെയ്യുക.

B. Image ടൂൾ ക്ലിക്ക് ചെയ്യുക.

C. Chart ടൂൾ ക്ലിക്ക് ചെയ്യുക.

D. Insert മെനുവിലെ Image ൽ ക്ലിക്ക് ചെയ്യുക.

E. Insert മെനുവിലെ Text Box ൽ ക്ലിക്ക് ചെയ്യുക.

ശരിയായ ഉത്തരം

B. Image ടൂൾ ക്ലിക്ക് ചെയ്യുക

D. Insert മെനുവിലെ Image ൽ ക്ലിക്ക് ചെയ്യുക.

15 ലിബർഓഫീസ് റൈറ്ററിൽ തയാറാക്കിയ ഒരു ഡോക്യുമെന്റിൽ ചിത്രം വാക്കുകളുടെ ഇടയിലായി ക്രമീകരിക്കണം. ഇതിന് അനുയോജ്യമായ രണ്ടു സങ്കേതങ്ങൾ നൽകിയിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A. No wrap

B. Page wrap

C. Header

D. Footer

E. Optimal Page wrap

ശരിയായ ഉത്തരം

B. Page wrap

E. Optimal Page wrap